File No.: GE-DA2/372/2023-G.EDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ്-ശ്രീമതി ജെസ്സി പുന്നൂസ്, എൽ.പി.എസ്.ടി, ഗവ: ജെ ബി സ്കൂൾ, മുണ്ടൻകാവ്, ചെങ്ങന്നൂർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ 1930/2023 ൽ 05/03/2024 ൽ പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.4508/2024/GEDN തീയതി,തിരുവനന്തപുരം, 19-07-2024

---

പരാമർശം:-

1. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01/09/2021 ലെ എ3/7301/2021/ഡിഡിഇ നം കാരണം കാണിക്കൽ നോട്ടീസ്
2. 14/12/2021 ലെ എ3/7301/2021/ഡിഡിഇ നം കുറ്റപത്രം
3. 16/12/2021 ലെ എ3/7301/2021/ഡിഡിഇ നം കുറ്റാരോപണ പത്രിക
4. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 08/03/2022 ലെ എ3/7301/2021/ഡിഡിഇ നം ഉത്തരവ്
5. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25/08/2022 ലെ എ3/7301/2021/ഡിഡിഇ നം ഉത്തരവ്
6. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15/11/2022 ലെ എ3/7301/2021/ഡിഡിഇ നം ഉത്തരവ്
7. ശ്രീമതി ജെസ്സി പുന്നൂസ് സമർപ്പിച്ച 04/11/2023 ലെ അപ്പീൽ അപേക്ഷ.
8. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒ എ 1930/2023 ൽ 05/03/2024 ൽ പുറപ്പെടുവിച്ച ഉത്തരവ്
9. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/04/2024 ലെ ഡിജിഇ/8095/2024-വിഎ4 നം കത്ത്
10. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15/04/2024 ലെ ഡിഡിഇ എ.എൽ.പി/7837/2023-എ3 നം കത്ത്

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട മുണ്ടൻകാവ് ഗവ.ജെ ബി

സ്കൂളിലെ എൽ പി എസ്സ് ടി ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ജെസ്സി പുന്നൂസ്, അനുവദിച്ചിരുന്ന അവധി കാലയളവ് പൂർത്തിയായതിന് ശേഷവും ജോലിയിൽ പുന:പ്രവേശിക്കാതെ 01.02.2018 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിനാൽ ടിയാൾക്കെതിരെ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ 1960-ലെ കെ.സി.എസ്(സിസി&എ) ചട്ടം അനുസരിച്ച് പരാമർശം (1) മുതൽ (5) വരെ പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുകയും പരാമർശം (6) പ്രകാരം ടിയാളെ 01.02.2018 പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് ടി അച്ചടക്കനടപടി തീർപ്പാക്കുകയും ചെയ്തിരുന്നു. പരാമർശം (6) ഉത്തരവിനെതിരെ ടിയാൾ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ 1930/2023-ന്മേൽ പുറപ്പെടുവിച്ച പരാമർശം (8) ഉത്തരവിൽ ടി ഉത്തരവ് കൈപ്പറ്റി മൂന്നു മാസത്തിനകം അപ്പീൽ ഹർജിക്കാരിയെ നേരിൽ കേട്ട് Annexure A 17 അപ്പീൽ അപേക്ഷ തീർപ്പാക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

2. പരാമർശം (8) ലെ ഉത്തരവ് പാലിക്കുന്നതിനായി ഹർജിക്കാരിയെ പൊതു വിദ്യാഭ്യാസ (ഡി എ) വകുപ്പ് അണ്ടർ സെക്രട്ടറി 22/05/2024 ന് നേരിൽ കേട്ടു. നേർക്കാഴ്ചയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെയും, ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയും പ്രതിനിധികളും ഹാജരായിരുന്നു. ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികൾ ചുവടെ ചേർക്കുന്നു.

3. **ശ്രീമതി ജെസ്സി പുന്നൂസ് (ടിയാൾക്കു വേണ്ടി കൺസൽറ്റന്റ് ഹാജരായി)**

i. മുണ്ടൻകാവ് ഗവ.ജെ.ബി സ്കൂളിൽ ജോലി നോക്കി വരവേ KSR Part I Appendix XII C പ്രകാരം 01.02.2008 മുതൽ അഞ്ചു വർഷത്തേക്ക് അവധിയിൽ പ്രവേശിക്കുകയും പ്രസ്തുത അവധി 31/01/2018 വരെ ദീർഘിപ്പിച്ചിട്ടുള്ളതുമാണ്. അതിനു തുടർച്ചയായി 01/02/2018 മുതൽ 31/12/2020 വരെയുള്ള കാലയളവിലേക്ക് കൂടി അവധി ദീർഘിപ്പിക്കണമെന്നു ആവശ്യപ്പെട്ടു 2017 നവംബറിൽ തന്നെ ബന്ധപ്പെട്ട രേഖകൾ സഹിതം അവധി അപേക്ഷ സമർപ്പിക്കുകയും ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ ശുപാർശ ചെയ്തു 05/04/2018 ലെ എ5-4306/2018 കത്ത് മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്കു അയച്ചിട്ടുള്ളതുമാണ്. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ 11/01/2019, 08/04/2019, 16/12/2019, 21/10/2020 എന്നീ തീയതികളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഓർമ്മ കുറിപ്പുകൾ നല്കിയിട്ടുള്ളതാണ്.

ii. 1/10/2020, 27/12/2020 എന്നീ തീയതികളിൽ അവധി ദീർഘിപ്പിക്കുന്നതിനു നൽകിയ അപേക്ഷ സംബന്ധിച്ചും അത് അവസാനിക്കുന്ന മുറക്ക് സർവീസിൽ പ്രവേശിക്കുന്നത് സംബന്ധിച്ചും ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർക്കു അപേക്ഷകൾ സമർപ്പിച്ചിരുന്നുവെങ്കിലും യഥാസമയം തീരുമാനമൊന്നും ഉണ്ടായില്ല.

iii. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ 2/2/2021 ൽ GEDN-U2/404/2020-GEDN നമ്പരിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ കത്തിൽ ബന്ധപ്പെട്ട അവധി അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് എന്നും KSR Part I Appendix XIIC ചട്ടം 10 പ്രകാരം മുൻകാല പ്രാബല്യത്തിൽ അവധി അനുവദിക്കാൻ

വ്യവസ്ഥയില്ലെന്നും അപേക്ഷക ആവശ്യപ്പെട്ട അവധി കാലയളവ് അവസാനിച്ചതിനാൽ അപേക്ഷകയെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ച ഉത്തരവിന്റെ പകർപ്പ്, തിരികെ പ്രവേശിച്ച തിയതി എന്നിവ സഹിതം ചട്ടങ്ങളിൽ ഇളവ് വരുത്തി അവധി അനുവദിക്കണമന്ന് കരുതുന്ന പക്ഷം ടിയാളുടെ അപേക്ഷ 30/12/2020-ലെ 83/2020/ഫിൻ നമ്പർ സർക്കുലറിന്റെ വെളിച്ചത്തിൽ പരിശോധിച്ച് റിപ്പോർട്ട സമർപ്പിക്കണമെന്നും അപേക്ഷക ഇതിനകം ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ടിയാൾക്കെതിരെ KSR Part I Appendix XIIC ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട ചെയ്യുവാനും നിർദ്ദേശിക്കുകയുണ്ടായി.

iv. അപേക്ഷക ടിയാളുടെ 10 വർഷത്തെ ദീർഘകാല അവധി 31/1/2018 ൽ അവസാനിക്കുന്നതിന് തുടർച്ചയായി യഥാസമയം അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നതിനാൽ മുൻകാലപ്രാബല്യത്തിൽ അവധി അനുവദിക്കാനാണ് അപേക്ഷ നൽകിയിരുന്നത് എന്ന് വിവക്ഷിക്കാനാവില്ലെന്ന് ബോദ്ധ്യപ്പെടുത്തുന്നു. മാത്രമല്ല KSR Part I Appendix XIIC ചട്ടം 10 വ്യവസ്ഥ ചെയ്യുന്നത് വിദേശത്ത് ഇണയോടൊപ്പം ചേരുന്നതിന് അവധി അപേക്ഷിച്ച് അത് അനുവദിക്കാതെ അവധിയിൽ പ്രവേശിക്കുന്നവരുടെ കാര്യത്തിൽ നടപടിയെടുക്കുന്നതിനാണ്.

v. ഹർജിക്കാരി നൽകിയ അവധി അപേക്ഷകൾ യഥാസമയം പരിഗണിക്കാതിരുന്നിട്ടും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകക്ക 1/09/2021 ൽ കാരണം കാണിക്കൽ നോട്ടീസു നൽകുകയും ചെയ്തു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിൽ അവധി ദീർഘിപ്പിക്കുന്നതിനു അപേക്ഷ നൽകിയെങ്കിലും സർക്കാർ അനുമതി കിട്ടുന്നതിന് മുൻപ് സർവീസിൽ പുനഃപ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നത് ഗുരുതര അച്ചടക്ക ലംഘനമാണെന്നും അപേക്ഷകക്കെതിരെ 1960 ലെ കേരളാ സിവിൽ സർവീസസ് (തരം തിരിക്കലും,നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ബോധിപ്പിക്കാൻ ആവശ്യപ്പെടുകയുണ്ടായി.

vi. വിദേശത്ത് ഭർത്താവിനൊപ്പം താമസിക്കുന്ന അപേക്ഷകയ്ക്ക് 21/10/2021 ന് ലഭിച്ച കാരണം കാണിക്കൽ നോട്ടീസിന് അപേക്ഷക നൽകിയ വിശദീകരണത്തിൽ അപേക്ഷക സമർപ്പിച്ച 1/2/2018 മുതൽ 31/12/2020 വരെയുള്ള അവധി അനുവദിച്ച ഉത്തരവോ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് നൽകിയ അപേക്ഷകളിൽ സർവ്വീസിൽ പ്രവേശിക്കാൻ അനുമതി നൽകി അറിയിപ്പോ ലഭിക്കാതിരുന്നതിനാൽ അമേരിക്കയിലേക്ക് മടങ്ങിയെന്നും കോവിഡ് 19 മഹാമാരിയുടെ നിയന്ത്രണം നിലനിന്നതിനാൽ തിരികെ എത്താനാവുന്നില്ലെന്നും 2021 നവമ്പറിൽ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് അനുവദിക്കണമെന്നും 21/10/2021 ൽ ഇ മെയിൽ മുഖേന അപേക്ഷിക്കുകയുണ്ടായി. എന്നാൽ അപേക്ഷകയുടെ വിരമിക്കൽ തിയതിയായ 31/1/2022 നു മുമ്പ് 14/12/2021 ൽ അപേക്ഷകയ്ക്കെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയാണുണ്ടായത്. 14/12/2021 ൽ എ3/7301/2021 നമ്പറിൽ ആലപ്പുഴ ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയ കുറ്റപത്രത്തിൽ അപേക്ഷകയ്ക്കെതിരെ താഴെപ്പറയുന്ന കുറ്റങ്ങളാണ് ആരോപിച്ചിരുന്നത്.

- 1/2/2013 മുതൽ 31/1/2018 വരെ അപേക്ഷകയ്ക്ക് KSR Part I Appendix XII C

പ്രകാരം അനുവദിച്ച അവധി കാലാവധിക്കുശേഷം സർവ്വീസിൽ പുനപ്രവേശിക്കാതിരിക്കുക വഴി ഗുരുതരമായ അച്ചടക്ക നടപടിയാണ് ഉണ്ടായത്.

- സർക്കാർ അവധി അനുവദിക്കുന്നതിനു മുമ്പായി സർവ്വീസിൽ പുനപ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുക വഴി ഗുരുതരമായ അച്ചടക്ക ലംഘനവും ചട്ടലംഘനവും അപേക്ഷകയുടെ ഭാഗത്തുനിന്നും ഉണ്ടായി.

vii. കുറ്റപത്രത്തിന് യഥാസമയം മറുപടി സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ 1960 ലെ കേരളാ സിവിൽ സർവീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം കടുത്ത ശിക്ഷ നൽകുന്നതിന് ഒരു ഗാർഹിക അന്വേഷണം നടത്തുന്നതിന് ഒരു അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയുണ്ടായി. ചട്ടം 15 പ്രതിപാദിക്കുന്ന പ്രകാരമുള്ള ഒരു അന്വേഷണ റിപ്പോർട്ടല്ല അന്വഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ളത്. അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച ഉത്തരവിനും ചട്ട പ്രകാരം നിയമ സാധുതയില്ല.

viii. തുടർന്ന് ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച 25/08/2022 ലെ ഉത്തരവിൽ 31/01/2018 വരെ അനുവദിച്ച അവധികഴിഞ്ഞ് സേവനത്തിൽ പ്രവേശിക്കാതിരുന്നത് ഗുരുതര അച്ചടക്ക ലംഘനവും കൃത്യവിലോപവുമാണെന്നും 5/11/2020 ലെ ജി.ഒ. (പി) 152/2020/ഫിൻ നമ്പർ ഉത്തരവ് പ്രകാരം പരമാവധി 5 വർഷം മാത്രമേ ശൂന്യവേതനാവധിക്ക് അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ 5 വർഷത്തിനുശേഷം ജോലിക്ക് ഹാജരാകാതിരുന്നാൽ Deemed Resignation ആയി പരിഗണിക്കേണ്ടതാണെന്ന് 30/12/2020 ലെ 83/2020/ധന നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും അതിനാൽ 1/2/2018 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന അപേക്ഷകയെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കൽ, നിയന്ത്രണം, അപ്പീൽ) ചട്ടം 18 (ii) ൽ അനുശാസിക്കുന്ന നടപടികൾ പാലിച്ച് 1/02/2018 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താത്ക്കാലികമായി തീരുമാനിച്ചതിനെതിരെ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം അറിയിക്കണമെന്നും അല്ലാത്തപക്ഷം താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുമെന്നും അറിയിക്കുകയുണ്ടായി.

ix. തുടർന്ന് ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ 7/11/2022 ൽ അപേക്ഷകയെ നേരിൽ കേട്ട അവസരത്തിൽ നിയമനാധികാരിയും ശിക്ഷണാധികാരിയുമായ ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ സമർപ്പിച്ച നിവേദനത്തിൽ 31/1/2018 ൽ അവസാനിച്ച അവധിക്ക് തുടർച്ചയായി 1/02/2018 മുതൽ 31/12/2020 വരെ അവധിക്ക് അപേക്ഷിച്ചിരുന്ന വസ്തുതയും തുടർന്ന് പ്രസ്ത അവധി കാലയളവ് കഴിയുന്നതോടെ അപേക്ഷകയെ സർവ്വീസിൽ പ്രവേശിപ്പിക്കാൻ അനുമതി ലഭിച്ചില്ലെന്ന കാര്യവും വിസ്തരിക്കുകയും അച്ചടക്ക നടപടിയിലെ താത്ക്കാലിക തീരുമാനം പുനഃപരിശോധിച്ച് അപേക്ഷകക്ക അർഹമായ ആനുകൂല്യങ്ങൾ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് 15/1/-2022 ൽ

പുറപ്പെടുവിച്ച ഉത്തരവിൽ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു.

x. അപേക്ഷക KSR Part I Appendix XII C പ്രകാരം 31/01/2018 വരെ അനുവദിച്ചിരുന്ന ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനു യഥാസമയം അപേക്ഷ സമർപ്പിച്ചിരുന്നതിനാൽ അത് അവധി അനുവദിച്ചതായി കണക്കാക്കേണ്ടതാണ്. 14/12/2021 ൽ നൽകിയിട്ടുള്ള കുറ്റപത്രം ലഘു ശിക്ഷ നൽകുന്നതിന് വേണ്ടി തയ്യാറാക്കിയതാണ്. മാത്രമല്ല കുറ്റപത്രം 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കൽ, നിയന്ത്രണം അപ്പീൽ) ചട്ടം 15(2)(എ) ക്കും അച്ചടക്ക നടപടി മാന്വൽ 7 (3) നും എതിരാണ്. അതുകൊണ്ടു തന്നെ അത് നിയമദൃഷ്ട്യാ നിലനിൽക്കുന്നതല്ല. ലഘു ശിക്ഷക്ക് നൽകിയ കുറ്റപത്രത്തെ അടിസ്ഥാനപ്പെടുത്തി കഠിന ശിക്ഷ കൊടുക്കാൻ പാടില്ല. 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കൽ, നിയന്ത്രണം അപ്പീൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ചത്. അച്ചടക്ക നടപടി ക്രമങ്ങളിൽ ഒട്ടേറെ പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. 5/11/2020ലെ ജി ഒ (പി) നം. 152/2020/ഫിൻ അപേക്ഷകക്കു ബാധകമാകില്ല.

xi. ആകയാൽ 31/1/2018 ൽ അവസാനിച്ച ദീർഘകാല ശൂന്യവേത നാവധിക്ക് തുടർച്ചയായി 1/2/2018 മുതൽ 31/12/2020 വരെ KSR Part I Appendix XII C പ്രകാരം 2017 നവംബറിൽ അപേക്ഷിച്ച അവധി കാലയളവ് അവസാനിക്കുന്നതു വരെ ബന്ധപ്പെട്ട അധികാരികൾ ചട്ടപ്രകാരം തീരുമാനമെടുത്തിട്ടില്ലെന്നത് പരിഗണിച്ച് പ്രസ്തുത കാലയളവ് അവധി അനുവദിച്ചതായി കണക്കാക്കണമെന്നും സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് 1/10/2020, 27/12/2020 എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷയിൽ യഥാസമയം തീരുമാനമെടുക്കേണ്ട അധികാരി തീരുമാന മെടുക്കാതിരുന്നതിനാൽ അപേക്ഷകയ്ക്ക് സർവ്വീസിന് പുറത്ത് നിൽക്കേണ്ടിവന്ന 1/1/2018 മുതൽ 31/3/2022 വരെയുള്ള കാലയളവ് ശമ്പളമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി അനുവദിച്ച് അപേക്ഷകയ്ക്ക് അർഹമായ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

4. <u>പൊതു വിദ്യാഭ്യാസ ഡയറക്ടർ/ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ</u>

i. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ വിദ്യാഭ്യാസ ഉപജില്ലയിലെ മുണ്ടൻകാവ് ഗവ. ജെ.ബി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. ജെസ്സി പുന്നൂസിന് 01/02/2008 മുതൽ 30/01/2018 വരെ അനുബന്ധം XII C ഭാഗം 1 കേരള സർവീസ് റൂൾസ് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിന് തുടർച്ചയായി ടിയാരി 01/02/2018 മുതൽ 31/12/2020 വരെ അനുബന്ധം XII C പ്രകാരം ശൂന്യവേതനാവധി നീട്ടി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അവധി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് നൽകിയിരുന്നില്ല എന്നും അവധി അനുവദിക്കപ്പെടാതെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്ന ശ്രീമതി. ജെസ്സി പുന്നൂസിനെതിരെ അനുബന്ധം XII C യിലെ ഖണ്ഡിക 10 ൽ അനുശാസിക്കുന്ന പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് സേവനത്തിൽ നിന്ന് നീക്കം

ചെയ്യണമെന്ന് ബഹു. സർക്കാർ നിർദ്ദേശമുണ്ടെന്ന് ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശിച്ചിരുന്നതായി ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിരുന്നു.

ii. സർക്കാർ അനുവദിച്ച അവധി കാലയളവിനുശേഷം സർവ്വീസിൽ പുനഃപ്രവേശിക്കാതിരിക്കുക വഴി ശ്രീമതി. ജെസ്സി പുന്നൂസ് ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയതിനാൽ ടിയാരിക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് മെമ്മോ പുറപ്പെടുവിക്കുകയും ആയതിന് ശ്രീമതി. ജെസ്സി പുന്നൂസ് നൽകിയ മറുപടി പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ല എന്ന് കണ്ടെത്തുകയുമുണ്ടായി എന്നും ആയതിനുശേഷം ടിയാരിക്കെതിരെ ടി കാര്യാലയത്തിൽ നിന്ന് കുറ്റപത്രവും, കുറ്റാരോപണപത്രികയും പുറപ്പെടുവിക്കുകയും ചെയ്തതായും ആയത് ടിയാരി 15/01/2022 ൽ കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട സമയപരിധിക്കുശേഷവും മറുപടി സമർപ്പിച്ചിട്ടില്ലായിരുന്നു എന്നും പ്രസ്തുത സാഹചര്യത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള കടുത്ത ശിക്ഷ നൽകുന്നതിലേക്കായി ഒരു ഗാർഹികാന്വേഷണം നടത്തുന്നതിനായി ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുകയുണ്ടായി എന്നും ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഗാർഹികാന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്രീമതി ജെസ്സി പുന്നൂസ് നിലവിൽ അമേരിക്കയിൽ താമസമായതിനാൽ നേരിൽ കേൾക്കുവാൻ സാധിച്ചില്ലായെന്നും ടിയാരിയെ ടെലഫോൺ മുഖാന്തിരം ബന്ധപ്പെട്ടതിൽ, കോവിഡ് പ്രതിസന്ധിമൂലം അമേരിക്കയിൽ നിന്ന് തിരികെ എത്തി സേവനത്തിൽ പുനഃപ്രവേശിക്കാൻ സാധിച്ചില്ലായെന്നും, ടിയാരിയുടെ അവധി പുതുക്കി നൽകണമെന്നും 31/03/2022 ൽ സേവന കാലയളവ് തീരുന്ന സാഹചര്യത്തിൽ വിരമിക്കൽ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് രേഖാമൂലം അപേക്ഷ സമർപ്പിച്ചതായും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

iii. ശ്രീമതി. ജെസ്സി പുന്നൂസിന് സർക്കാർ അനുവദിച്ച അവധി കാലയളവ് തീർന്നതിനുശേഷവും സേവനത്തിൽ പുനഃപ്രവേശിക്കാതിരുന്നത് ഗുരുതര അച്ചടക്ക ലംഘനവും കൃത്യവിലോപവുമാണെന്നും ശ്രീമതി. ജെസ്സി പുന്നൂസ് 01/02/2008 മുതൽ 31/01/2018 വരെ അനുവദിച്ച ശൂന്യവേതനാവധിയിൽ തുടരുകയും ആയതിനുശേഷം 01/02/2018 മുതൽ സർക്കാർ ശൂന്യവേതനാവധി അനുവദിക്കാതെ, അനധികൃത ഹാജരില്ലായ്മയിൽ തുടരുകയുമുണ്ടായി എന്നും ആയത് കാരണമാക്കി ചട്ടപ്രകാരം ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം സർക്കാർ നിർദ്ദേശാനുസരണം സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി 01/02/2018 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ശ്രീമതി. ജെസ്സി പുന്നൂസിനെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 18 (2) ൽ അനുശാസിക്കുന്ന നടപടികൾ പാലിച്ച് 01/02/2018 പ്രാബല്യത്തിൽ സേവനത്തിൽ നിന്ന് നീക്കം ചെയ്തതായും ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുകയുണ്ടായി. ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രതിനിധിയും ഇക്കാര്യങ്ങൾ തന്നെ അറിയിച്ചിട്ടുണ്ട്.

5. ഈ വിഷയം ഹർജിക്കാരിയുടെ പ്രതിനിധി ഉന്നയിച്ച വാദഗതികൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടേയും ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടേയും അഭിപ്രായം ,കേരള സർവീസ് റൂളിലെയും 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കൽ, നിയന്ത്രണം, അപ്പീൽ) ചട്ടങ്ങളിലെയും പ്രസക്തമായ വ്യവസ്ഥകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

6. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ വിദ്യാഭ്യാസ ഉപജില്ലയിലെ മുണ്ടൻകാവ് ഗവ. ജെ.ബി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. ജെസ്സി പുന്നൂസിന് 01/02/2008 മുതൽ 30/01/2018 വരെ അനുബന്ധം XII C ഭാഗം 1 കേരള സർവീസ് റൂൾസ് പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിന് തുടർച്ചയായി ടിയാൾ 01/02/2018 മുതൽ 31/12/2020 വരെ അനുബന്ധം XII C പ്രകാരം ശൂന്യവേതനാവധി നീട്ടി നൽകുന്നതിന് 2017 നവംബറിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അവധി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് നൽകിയിരുന്നില്ല. അവധി അനുവദിക്കപ്പെടാതെ തന്നെ ടിയാൾ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു.

7. ശ്രീമതി. ജെസ്സി പുന്നൂസ് അവധി ദീർഘിപ്പിക്കുന്നതിനു വേണ്ടി സമർപ്പിച്ചിരുന്ന അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നും സർക്കാരിലേക്ക് കൈമാറുന്നതിൽ അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ട്. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ 02-02-2021 ൽ KSR Part I Appendix XIIC ചട്ടം 10 പ്രകാരം മുൻകാല പ്രാബല്യത്തിൽ അവധി അനുവദിക്കാൻ വ്യവസ്ഥയില്ലെന്നും അപേക്ഷക ആവശ്യപ്പെട്ട അവധി കാലയളവ് അവസാനിച്ചതിനാൽ അപേക്ഷകയെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ച ഉത്തരവിന്റെ പകർപ്പ്, തിരികെ പ്രവേശിച്ച തീയതി എന്നിവ സഹിതം ചട്ടങ്ങളിൽ ഇളവ് വരുത്തി അവധി അനുവദിക്കണമന്ന് കരുതുന്ന പക്ഷം ടിയാളുടെ അപേക്ഷ 30/12/2020 ലെ 83/2020/ഫിൻ നമ്പർ സർക്കുലറിന്റെ വെളിച്ചത്തിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും അപേക്ഷക ഇതിനകം ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ടിയാൾക്കെതിരെ KSR Part I Appendix XIIC ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശിക്കുകയുണ്ടായി.

8. സർക്കാർ നിർദ്ദേശത്തെ തുടർന്ന് ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീമതി. ജെസ്സി പുന്നൂസിനെതിരെ 1960 ലെ കേരളാ സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും)ചട്ട പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം 6 പ്രകാരം 01-02-2018 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തു.

9. പ്രസ്തുത ഉത്തരവിനെതിരെ ഹർജിക്കാരി സമർപ്പിച്ച പരാമർശം 7 അപ്പീൽ അപേക്ഷ വിശദമായി പരിശോധിച്ചതിൽ ഹർജിക്കാരിക്കെതിരെ കൈക്കൊണ്ടിട്ടുള്ള അച്ചടക്ക നടപടിയിൽ 1960 ലെ കേരളാ സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും)ചട്ടങ്ങൾ പാലിക്കുന്നതിൽ അച്ചടക്കധികാരിയ്ക്ക് ഗുരുതരമായ പിഴവ് സംഭവിച്ചിട്ടുണ്ട്. KSR Part I Appendix XII C പ്രകാരം അനുവദിച്ച അവധി കാലാവധിക്കുശേഷം അനധികൃതമായി അവധിയിൽ തുടർന്നാൽ പ്രസ്തുത റൂളിന്റെ ഖണ്ഡിക 10 പ്രകാരം 1960 ലെ കേരളാ സിവിൽ സർവീസസ് (തരംതിരിക്കലും,

നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ അനുസരിച്ചു നടപടി സ്വീകരിച്ചു വേണം സേവനത്തിൽ നിന്നും നീക്കം ചെയ്യേണ്ടത്.

10. എന്നാൽ ശ്രീമതി ജെസ്സി പുന്നൂസിനെതിരെയുള്ള അച്ചടക്ക നടപടിയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

i. ചട്ട പ്രകാരമുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കുന്നതിനു പകരം ചട്ടം പോലും വ്യക്തമാക്കാതെ നിശ്ചിത മാതൃകയിലല്ലാത്ത ഒരു കാരണം കാണിക്കൽ നോട്ടീസ് 01/09/2021 ൽ നൽകി.
ii. 14/12/2021 ൽ നൽകിയിട്ടുള്ള കുറ്റപത്രത്തിലും (അതും നിശ്ചിത മാതൃകയിലല്ല) ചട്ടം വ്യക്തമാക്കിയിട്ടില്ല.
iii. 08/03/2022 ലെ ഉത്തരവ് പ്രകാരം ചട്ടം 15 പ്രകാരം കടുത്ത ശിക്ഷ നൽകുന്നതിന് ഒരു ഗാർഹിക അന്വേഷണം നടത്താൻ ഉത്തരവ് പുറപ്പെടുവിച്ചു. കടുത്ത ശിക്ഷ നൽകുന്നതിനുള്ള ഔപചാരിക അന്വേഷണം ചട്ട പ്രകാരം നടത്തിയിട്ടില്ല.
iv. 25/08/2022 ൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവിൽ 1960 ലെ കേരളാ സിവിൽ സർവീസസ് (തരം തിരിക്കലും,നിയന്ത്രണവുംആപ്പീലും) ചട്ടം 18(ii) പാലിച്ചു സർവീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു ഉത്തരവ് പുറപ്പെടുവിച്ചു.
v. ഔപചാരിക അന്വേഷണം, നേരിൽ കേൾക്കാനുള്ള അവസരം എന്നീ ചട്ട പ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ശ്രീമതി ജെസ്സി പുന്നൂസിനെതിരെ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി നിയമപരമായി നിലനിൽക്കുന്നതല്ല.

11. 31/01/2018 ൽ ശൂന്യവേതനാവധിയുടെ കാലാവധി കഴിഞ്ഞെങ്കിലും 31/03/2022 ൽ സർവീസിൽ നിന്നും വിരമിക്കുന്നത് വരെ ശ്രീമതി ജെസ്സി പുന്നൂസ്സ സർവീസ്സിൽ പുന:പ്രവേശിക്കാത്തത് കടുത്ത അച്ചടക്ക ലംഘനമാണ്. സർക്കാർ യഥാസമയം അവധി അനുവദിച്ചിട്ടുണ്ടോ എന്ന് ടിയാൾ ഉറപ്പ് വരുത്തേണ്ടതായിരുന്നു. ഇത് ടിയാളുടെ ഭാഗത്തു നിന്ന് സംഭവിച്ചിട്ടുള്ള ഗുരുതര വീഴ്ചയാണ്. എന്നാൽ ഇക്കാര്യത്തിൽ കേരളാ സർവീസ്സ് റൂളിലും 1960 ലെ കേരള സിവിൽ സർവീസ്സ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടികൾ അല്ല ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചിരിക്കുന്നത്.

12. മേൽ സാഹചര്യത്തിൽ ആലപ്പുഴ മുണ്ടൻകാവ് ഗവ.ജെ ബി എൽ പി എസ്സിലെ മുൻ എൽ പി എസ് ടി ശ്രീമതി ജെസ്സി പുന്നൂസ്സിനെതിരെ സർവീസ്സിൽ നിന്നും 01/02/2018 പ്രാബല്യത്തിൽ നീക്കം ചെയ്തുകൊണ്ട് ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച പരാമർശം (6) ഉത്തരവ് നടപടിക്രമങ്ങളിൽ വന്നിട്ടുള്ള വീഴ്ചകളുടെ അടിസ്ഥാനത്തിൽ ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു. ടിയാൾ 31/03/2022 ന് സർവീസ്സിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ ചട്ട പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിക്കേണ്ടതാണ്. സർക്കാർ തലത്തിൽ സ്വീകരിക്കുന്ന

അച്ചടക്ക നടപടിയുടെ തീർപ്പിന് വിധേയമായി ടിയാളുടെ 01/02/2018 മുതലുള്ള അനധികൃത ഹാജരില്ലായ്മയിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

13. ഇപ്രകാരം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം(8) ഉത്തരവ് പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA GOPINATH
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി ജെസ്സി പുന്നൂസ്, റിട്ട എൽ.പി,എസ്.ടി (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
4. വെബ് (ന്യൂ മീഡിയ/കൈറ്റ്സ്)
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 20-07-2024 10:39:24

പകർപ്പ്:-ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്